**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **08-06-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. V. N. Vasavan**<br>**(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിൽ 1850 ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുകയുണ്ടായോ; | (എ) | ഇല്ല. |
| (ബി) | കേരള ബാങ്കിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ഹൈക്കോടതി ഇടപെട്ട് തടയുകയുണ്ടായോ; | (ബി) | കേരള ബാങ്കിലെ താൽക്കാലിക ജീവനക്കാരെ/ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടി ഇടക്കാല ഉത്തരവിലൂടെ കോടതി തടഞ്ഞിട്ടുണ്ട്. |
| (സി) | കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിയമപ്രകാരം ജില്ലാ സഹകരണ ബാങ്ക് നിയമനങ്ങൾ നടത്തേണ്ടത് പി.എസ്.സി.മുഖേനയാണോയെന്ന് അറിയിക്കുമോ; | (സി) | കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനങ്ങൾ ഒഴികെയുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്. |
| (ഡി) | എങ്കിൽ കേരള ബാങ്കിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | കേരള ബാങ്ക് നിലവിൽ വന്നതോടുകൂടി ജില്ലാ സഹകരണ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും റിക്രൂട്ട്മെന്റ് റൂളുകൾ നിലവിലില്ലാതായിട്ടുണ്ട്. ആയതിനാൽ കേരള ബാങ്കിനായുള്ള റിക്രൂട്ട്മെന്റ് റൂൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ